# പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 331**
14.07.2015-ലെ മറുപടിക്ക്

## പദ്ധതി പ്രവർത്തനങ്ങളിൽ ധൂർത്തും അഴിമതിയും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. പി. അയിഷാ പോറ്റി<br>ശ്രീ. പുരുഷൻ കടലുണ്ടി<br>ശ്രീ. പി. ശ്രീരാമകൃഷ്ണൻ<br>ശ്രീ. കെ. ദാസൻ | **ശ്രീ. കെ.എം. മാണി**<br>ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി |

| | |
|---|---|
| (എ) സംസ്ഥാനത്തെ വിവിധ മന്ത്രാലയങ്ങൾക്ക് കീഴിൽ പദ്ധതി പ്രവർത്തനങ്ങളിൽ ധൂർത്തും അഴിമതിയും കെടുകാര്യസ്ഥതയും നടക്കുന്നതായും ഇതുമൂലം സാമ്പത്തിക നഷ്ടം സംഭവിക്കുന്നതായും ഉള്ള ആക്ഷേപങ്ങളിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; | സംസ്ഥാനത്തെ വിവിധ മന്ത്രാലയങ്ങൾക്ക് കീഴിൽ പദ്ധതി പ്രവർത്തനങ്ങളിൽ ധൂർത്തും, അഴിമതിയും, കെടുകാര്യസ്ഥതയും നടക്കുന്നതായും, ഇതുമൂലം സാമ്പത്തിക നഷ്ടം സംഭവിക്കുന്നതായും ഉള്ള ആക്ഷേപങ്ങൾ സംബന്ധിച്ച് ധനകാര്യ പരിശോധനാ വിഭാഗം അന്വേഷണം നടത്തിയിട്ടുണ്ട്. |
| (ബി) മരാമത്ത്, പഞ്ചായത്ത്, ടൂറിസം വകുപ്പുകളിൽ നിർമ്മാണ, മെയിന്റനൻസ് പ്രവൃത്തികൾക്ക് ചെലവഴിക്കുന്ന തുകയ്ക്ക് അനുസരിച്ച് ഗുണം ലഭ്യമാകുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിന് ധനവകുപ്പിന് നിലവിൽ സംവിധാനങ്ങളുണ്ടോ; | മരാമത്ത്, പഞ്ചായത്ത്, ടൂറിസം വകുപ്പുകളിൽ നിർമ്മാണ, മെയിന്റനൻസ് പ്രവൃത്തികൾക്ക് ചെലവഴിക്കുന്ന തുകയ്ക്ക് അനുസരിച്ച് ഗുണം ലഭ്യമാകുന്നുണ്ടോയെന്ന് ഉറപ്പുവരുത്തേണ്ടത് അതത് വകുപ്പുകളിലെ നിർവ്വഹണ ഉദ്യോഗസ്ഥരുടെ ചുമതലയാണ്. കരാറുകളിലെ നിബന്ധന പ്രകാരമാണോ പ്രവൃത്തികൾ നടക്കുന്നത് എന്നത് സംബന്ധിച്ച് തെരഞ്ഞെടുക്കപ്പെട്ട ഏതാനും പ്രവൃത്തികളുടെ പരിശോധന ചീഫ് ടെക്നിക്കൽ എക്സാമിനറുടെ നേതൃത്വത്തിലുള്ള സാങ്കേതിക പരിശോധനാ വിഭാഗം നടത്തിയിട്ടുണ്ട്. |
| (സി) എങ്കിൽ പ്രസ്തുത സംവിധാനം ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തിയിട്ടുണ്ടോ? | ധനകാര്യ സെക്രട്ടറി തലത്തിൽ ഈ വിഭാഗങ്ങളിലെ പ്രവർത്തനങ്ങളെപ്പറ്റി യഥാസമയം അവലോകനം നടത്തി ഈ സംവിധാനം ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തിയിട്ടുണ്ട് |

അക്കൗണ്ട്സ് ഓഫീസർ